**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 195** **07-06-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർ മ്മിക്കുന്നതിനും അനുബന്ധ സംവിധാനങ്ങൾക്കുമായി സർക്കാർ 126.55 കോടി രൂപയുള്ള ഭരണാനുമതിയും കിഫ്ബി 102.79 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. 20.01.2021 ലെ സ.ഉ (സാധാ) നം. 179/2021/ ആ.കു.വ ഉത്തരവ് പ്രകാരം 79.44 കോടി രൂപയുടെ പദ്ധതിയുടെ ടെണ്ടറിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന വകുപ്പ് എന്നിവയുടെ അനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ട്. ബഹുനില കെട്ടിടത്തിന്റെ നിർദ്ദിഷ്ട സ്ഥലത്തും പാർക്കിംഗ് ഏരിയയിലുമായി സ്ഥിതി ചെയ്യുന്ന 15 കെട്ടിടങ്ങൾ നിർദ്ധാരി തമൂല്യം 8,41,338/- രൂപയിൽ കുറയാതെ പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 11 കെട്ടിടങ്ങൾക്ക് 10,67,533/- രൂപയ്ക്ക് ലേലം സ്വീകരിച്ചു. അതിൽ 8 കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ബാക്കി 3 കെട്ടിടങ്ങൾ ലോക്ക്ഡൗണിനുശേഷം പൊളിച്ചു മാറ്റുന്നതാണ്. പാർക്കിംഗ് ഏരിയയിലുള്ള 4 കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള ലേല നടപടികൾ ബഹു നില കെട്ടിട നിർമ്മാണത്തിനു ശേഷം ആരംഭിക്കും. കെട്ടിട നിർമ്മാണത്തിന് മുന്നോടിയായുള്ള ടെസ്റ്റ് പൈലിംഗിനായി സ്ഥലം കൈമാറി ടെസ്റ്റ് പൈലിംഗിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ